# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നരിക്കുനി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**
**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 3/1580/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/11/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നരിക്കുനി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നരിക്കുനി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നരിക്കുനി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 3/1580/2023

തീയ്യതി: 25/11/2023

# കോഴിക്കോട് ജില്ലയിലെ നരിക്കുനി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നരിക്കുനി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം

ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2023 | 20-10-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-10-2023 | 20-10-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിശ.ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അനൂപ്. കെ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ (16.10.2023 മുതൽ)
ശ്രീമതി.ജിഷ.പി, ഓഡിറ്റർ (16.10.2023 മുതൽ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ സലീം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ സ്വപ്നേഷ് സി.പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗിരിജ വി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ ഷാഹുൽ ഹമീദ് എ.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുസ്മിത | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രജിഷ കെ ടി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ഡോ.റൂബി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ അരുൺ കൃഷ്ണൻ ടി.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ബിജു | മെഡിക്കൽ ഓഫീസർ(ആയ്യുർവ്വേദം) | 01-04-2022 | 22-06-2022 |
| ഡോ. മുഹമ്മദ് ഷരീഫ് പി പി | മെഡിക്കൽ ഓഫീസർ(ആയ്യുർവ്വേദം) | 23-06-2022 | 31-03-2023 |
| ശ്രീമതി ഡാന | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സനീം എം വി | വെറ്ററിനറി സർജൻ | 01-04-2022 | 29-01-2023 |

| | | | |
|---|---|---|---|
| ഡോ. ജീന ജോർജ്ജ് | വെറ്ററിനറി സർജൻ | 30-01-2023 | 31-03-2023 |
| ശ്രീ. സുലൈമാൻ കെ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീജ | ഐ .സി .ഡി .എസ് സൂപ്പർവൈവെസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഹസീന കെ കെ | ഐ .സി .ഡി .എസ് സൂപ്പർവൈവെസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അസീന സി കെ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2022 | 31-03-2023 |

# ഉള്ളടക്കം

| ക്രമനം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 -1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ട്രഷറി അക്കൗണ്ടിൽ നെഗറ്റീവ് നീക്കിയിരിപ്പ് | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ലെഡ്ജർ ബാലൻസുകളും പ്രസ്തുത ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-1-7 |
| 9 | ലോൺ അധികം തിരിച്ചടച്ചു | 1-1-8 |
| 10 | ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4-1 |
| 14 | ഫണ്ട് വിനിയോഗം (ACR,AFS,IKM Expenditure Statement എന്നിവ പ്രകാരം) | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ടാക്സ് ഓഡിറ്റ് | 1-9 |

| | | |
|---|---|---|
| 20 | അനധികൃത നിർമ്മാണം - തുടർനടപടികൾ അറിയിക്കുന്നത് - സംബന്ധിച്ച് | 1-10 |
| 21 | വസ്തുനികുതി പുനർനിർണ്ണയിച്ചില്ല | 1-11 |
| 22 | ഷോപ്പിംഗ് കോംപ്ലക്സ് വാടക വരവ് പൂർണ്ണമല്ല | 1-12 |
| 23 | ക്രമവൽക്കരണ അപേക്ഷയിലെ നിർദ്ദേശങ്ങൾ - തുടർനടപടികൾ സംബന്ധിച്ച് | 1-13 |
| 24 | ടെണ്ടർ ഫീ ഇനത്തിലെ വരവ് പഞ്ചായത്തിലേയ്ക്ക് വരവ് വയ്ക്കുന്നില്ല | 1-14 |
| 25 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-15 |
| 26 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 1,70,168 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-16 |
| 27 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-17 |
| 28 | വീട് വാസയോഗ്യമാക്കൽ (എസ്.സി) - ഫണ്ട് ഉണ്ടായിരുന്നിട്ടും അർഹതപ്പെട്ട തുക വകയിരുത്താത്തതും, തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയതും -സംബന്ധിച്ച് | 1-18 |
| 29 | ആർ ട്രാക്ക് പദ്ധതി - തുടർ വിശദാംശങ്ങൾ ലഭ്യമല്ല | 1-19 |
| 30 | ഒരേ പ്രവർത്തിയ്ക്ക് വ്യത്യസ്ത പ്രോജക്റ്റുകൾ തയ്യാറാക്കുന്നു | 1-20 |
| 31 | സാക്ഷരത പ്രേരക് മാർക്ക് ഹോണറേറിയം നൽകിയത് - തിരികെ ലഭിച്ചിട്ടില്ല. | 1-21 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1 -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാ
പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡി
ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ
കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാക
പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർ
അനുസരിച്ച് 26-06-2023 ലെ 95/2023 നമ്പർ കമ്മിറ്റി തീരുമാന
തയ്യാറാക്കി 01/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുക
സമർപ്പിക്കപ്പെട്ടിട്ടുള്ള നരിക്കുനി ഗ്രാമപഞ്ചായത്തിന്റെ
അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ
എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി
ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞ
ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചാ
സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാ
ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുക
അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്ത

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ
നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫി
ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാ
ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്ര
വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന
ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണ
നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനി
ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ
വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന ത
പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അ
തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റി
വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അ
വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്ര
ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെ
വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവര വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റ വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാ അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രാ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അ നിരീക്ഷണങ്ങൾക്ക് വിധേയമായി, നരിക്കുനി ഗ്രാമപഞ്ചായത്ത 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ ന ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്ര അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം "Net Increase/Decrease In C Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 40,08,901/- രൂപയാണ ഇതേ പത്രികയിൽ "Net Cash Generated By Operating + Investing + Finan ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6,40,12,838/- അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം ര തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ 6,00,03,937/- രൂപയുടെ കാണുന്നു.

## 1-1-3 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

പരിശോധനയ്ക്ക് ലഭ്യമാക്കിയ ബാങ്ക് റിക്കൺസി
സ്റ്റേറ്റ്മെന്റുകളിൽ ഉൾപ്പെട്ട KGB A/C No. 401110105537 (Life Loan KU
A/C No. 4011101054530 (Health Grant Towards Building-Less Sub Centres),
40111101050543 (BMC) എന്നീ ബാങ്ക് അക്കൗണ്ടുകൾ വാർഷിക
പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. (അക്കൗണ്ടിൽ 2022-23 സ
വർഷത്തിൽ ഇടപാടുകൾ നടന്നിട്ടില്ല)

## 1-1-4 ട്രഷറി അക്കൗണ്ടിൽ നെഗറ്റീവ് നീക്കിയിരിപ്പ്

വാർഷിക കണക്ക് ബി-17 പ്രകാരം LGTSB (അക്കൗണ്ട് നം. 799
നീക്കിയിരിപ്പ് തുക നെഗറ്റീവ് 99,900/-രൂപ ആണ്. ആയതിനുള
വിശദീകരിക്കേണ്ടതാണ്.

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അ
മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ
കാലികമാക്കി തയ്യാറാക്കിയിട്ടില്ല.

## 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ
എൻട്രികൾ വർഷാരംഭത്തിൽത്തന്നെ രേഖപ്പെടുത്തേണ്ടതു
എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്.
ഇത്തരത്തിലുള്ള മുഴുവൻ വരവിനങ്ങളുടെയും ഡിമാന്റ്
രേഖപ്പെടുത്തിയിട്ടുള്ളത് സാമ്പത്തിക വർഷാവസാനത്തിൽ മാ

## 1-1-7 ലെഡ്ജർ ബാലൻസുകളും പ്രസ്തുത ശീർഷകവുമാ ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമ
രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാല
പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെ
വരവ് രജിസ്റ്ററും പ്രതിമാസം അതത് ലെഡ്ജർ ബാലൻസ
പൊരുത്തപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ മാത്രമാണ് രജി

സംക്ഷിപ്തം തയ്യാറാക്കി അതത് വരവിന
പൊരുത്തപ്പെടുത്തുന്നത്. ഉദാഃ വസ്തുനികുതി, ലൈസൻസ്.

## 1-1-8 ലോൺ അധികം തിരിച്ചടച്ചു

2022-23 സാമ്പത്തിക വർഷത്തിൽ Loan From KURDFC തിരിച്ചടയ്ക്കാനുള്ള തുക 10,32,000/- രൂപയായിരുന്നു. എന്നാൽ 13,83,236/- രൂപ തിരികെ അടച്ചിട്ടുണ്ട്. യഥാ തിരിച്ചടയ്ക്കാനുള്ളതിനേക്കാൾ 3,51,236/- രൂപ അധികമായി അ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ നീക്കിയിരിപ്പ് നെഗറ്റീവ് ലോൺ തുകയേക്കാൾ അധികം തുക തിരിച്ചടച്ചതിനുള്ള വിശദീകരിക്കേണ്ടതാണ്.

## 1-1-9 ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അ വരവ് വന്നിട്ടില്ല.

LID EW അസിസ്റ്റന്റ് എഞ്ചിനീയർ ഇ–ടെണ്ടർ മു നടപ്പിലാക്കുമ്പോഴുള്ള ഇ–ടെണ്ടർ ഫീ തുക നാളിതുവരെ ഗ്രാമ തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. കൂടാതെ പ്ര റിസീവബിൾസായി ഉൾപ്പെടുത്തിയിട്ടില്ല. ടെണ്ടർ ലഭ്യമാക്കുന്നതിനുള്ള നടപടികളും, റിസീവ ഉൾപ്പെടുത്താത്തതിന് കാരണവും വ്യക്തമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

നരിക്കുനി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബ ലെ 52(1)/2022 നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 1 50/23 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു

| | |
|---|---|
| മുൻബാക്കി | 8615955 |
| വരവ് | 226254995 |
| ആകെ | 234870950 |
| ചെലവ് | 228296179 |
| നീക്കിയിരിപ്പ് | 6574771 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് (

| | |
|---|---|
| മുന്നിരിപ്പ് | 20302138 |
| വരവ് | 39897408 |
| ആകെ | 60199546 |
| ചെലവ് | 35888507 |
| നീക്കിയിരിപ്പ് | 24311039 |

## 1-4-1 ഗ്രാന്റ് വിനിയോഗം

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം െ തയ്യാറാക്കിയ നരിക്കുനി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷ വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ ആകെ അടങ്കൽ (അ ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോ ഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രിക യിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 78998387 | 15249265 |
| വികസനഫണ്ട് (എസ്.സി.പി) | 47456700 | 8464040 |
| വികസനഫണ്ട് (ടി.എസ്.പി) | 639265 | 514265 |

## 1-4 ഫണ്ട് വിനിയോഗം (ACR,AFS,IKM Expenditure Statement പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| വികസന ഫണ്ട്- ജനറൽ | 0 | 14673000 (ACR. 13146669+ GO Project. 1526331) | 14673000 | 14499670 (ACR. 12973339 + GO Project. 1526331) |
| എസ്.സി.പി | 0 | 7612000 (ACR.6759960 + GO Project. 852040) | 7612000 | 6974078 (AC 6122038+ GC Project. 852040) |
| ടി.എസ്.പി | 0 | 388000 (ACR, 261735 + GO Project. 126265) | 388000 | 380265 (ACR 254000 + GO Project. 126265) |
| മെയിന്റനൻസ്, റോഡ് | 0 | 8980000 | 8980000 | 8177434 |

| | | | | |
|---|---|---|---|---|
| മെയിന്ററനൻസ്, നോൺ – റോഡ് | 0 | 5242000 | 5242000 | 4642608 |
| CFC ഗ്രാന്റ് അൺടൈഡ് (PFMS) | 317516 (Grant- 315558 + IT/GST/KCWF. 1958) | 2894626 (PFMS. 2758000 + Int. 136626) | 3212142 | 2195991 (Grant. 2194016 + B( 17 + IT/GST/KCW 1958) |
| CFC ഗ്രാന്റ്- അൺടൈഡ് (ട്രഷറി ) | 0 | 0 | 0 | 0 |
| CFC ഗ്രാന്റ് ടൈഡ് - (PFMS) | 1631595 (Grant. 1596315+IT/GST/KCWF. 35280) | 4138000 | 5769595 | 1023260 ( Grant. 98798( + IT/CST/KCW 35280) |
| CFCഗ്രാന്റ് ടൈഡ് - (ട്രഷറി ) | 0 | 871111 | 871111 | 228590 |

| | | | | |
|---|---|---|---|---|
| | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ നടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുത്തിരിക്കുന്നു. (6 ചെലവ് പത്രിക പ്രകാരം)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ച പ്രോജക്ടുകൾ (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നട പ്രോ കള ശത |
|---|---|---|---|---|---|---|
| 179 | 85514829 | 145 | 50909140 | 3 | 31 | 81% |

## 1-6 ആഭ്യന്തര നിയന്ത്രണം

നരിക്കുനി ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്ര വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സ നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജ എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെട

ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്ബുക്ക പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പ് കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ബാങ്ക് റീക്കൺസി സ്റ്റേറ്റ്മെന്റുകളിൽ ഉൾപ്പെട്ട, സെക്രട്ടറിയുടെ പേരിലുള്ള, K 401110105537 (Life Loan KURDFC), KGB A/C No. 4011101054530 (Health Building-Less Sub Centres), KGB A/C No. 40111101050543 (BMC) എ അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടു വസ്തുനികുതി, തൊഴിൽ നികുതി തുടങ്ങിയ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാരംഭത്തിൽത്തന്നെ രേഖപ്പെടുത്തേണ്ടതും, തുടർ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ ഇത്ത മുഴുവൻ വരവുകളുടേയും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്ത സാമ്പത്തിക വർഷാവസാനത്തിൽ മാത്രമാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കള എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2159800 | 1495 |
| വിധവാപെൻഷൻ | 11878200 | 7636 |
| വാർദ്ധക്യകാലപെൻഷൻ | 18113200 | 12512 |
| വികലാംഗപെൻഷൻ | 3599800 | 2283 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 980800 | 645 |
| തൊഴിൽരഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്ര ക്യാഷ് ബാലൻസ് പരിശോധന 19.10.2023 ന് സ്ഥാപന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുക പരിശോധനയിൽ 4,836/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയ നിജസ്ഥിതി ബോധ്യപ്പെട്ടു.

## 1-9 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തു

സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡ
11.07.2023ലെ ഡി.കെ.എസ്.എ. 3683/ എസ്.എസ്.3/2019 നമ്പർ കത്ത
നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ
സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തി
ടാക്സ് ഓഡിറ്റ് നടത്തിയതിൽ കണ്ടെത്തിയ വിഷയങ്ങ
ഖണ്ഡികകളായി ചുവടെ കൊടുക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വി
ധനസഹായങ്ങളും നികുതി നികുതിയേതര തനതു സ്രോതസ്സ
ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ.
നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നി
തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത
വസൂലാക്കുന്നതിനും വിനിയോഗിക്കുന്നതിനും ഭരണ
ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധ
അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും
ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തന
സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മു
ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ച

## <u>തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ധനകാര്യ</u>
## <u>കമ്മിറ്റിയുടെ പ്രവർത്തനം</u>

ഗ്രാമപഞ്ചായത്ത് കുടിശ്ശിക നിവാരണത്തിനാ
സംഘടിപ്പിക്കൽ, മറ്റു പ്രചരണ മാർഗ്ഗങ്ങൾ
അവലംബിക്കാറുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ
കമ്മിറ്റിയും, ഭരണസമിതിയും തനത് വരുമാനം പിരിച്ചെടുക്ക
വർദ്ധിപ്പിക്കുന്നതിനും തീരുമാനങ്ങൾ കൈക്കൊണ്ടതായി മി
നിന്നും, തുടർ പ്രവർത്തികളിൽ നിന്നും വ്യക്തമാവുന്നുണ്ട്.

## <u>നികുതി പിരിവ്</u>

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷ
പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി, തൊഴ
ഈയിനത്തിലെ യഥാർത്ഥ വരവ് എന്നിവ ചുവടെ കൊടുക്കുന്ന

| നികുതിയിനം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് | ( |
|---|---|---|---|
| വസ്തുനികുതി | 5500000 | 4956193 | 5 |

| | | | |
|---|---|---|---|
| തൊഴിൽ നികുതി | 2000000 | 1839275 | 1 |
| ആകെ | 7500000 | 6795468 | 7 |

## വസ്തുനികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രക ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വ ചുമത്താവുന്നതും ശുചിത്വ പരിപാലനം, ജലവിതരണം, നിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നത

മേൽ നിയമത്തിലെ 203-ാം വകുപ്പ്, 2011 ലെ കേരള പഞ്ച (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാക പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേ ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ച വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങ ചേർക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങ സോഫ്റ്റ്‌വെയറിലെ കണക്കുകൾ എന്നിവ പ്രകാരം ഗ്രാമപഞ്ച 15 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർ ഉപയോഗിക്കുന്ന 12,079 കെട്ടിടങ്ങളും അനധ നിർമ്മിക്കപ്പെട്ടിട്ടുള്ളതും യു.എ.സി നമ്പർ നൽകി നികുത വരുന്നതുമായ 11 കെട്ടിടങ്ങളും 7 ടെലികമ്മ്യൂണിക്കേഷൻ ടവ ഉള്ളത്. കെട്ടിടങ്ങളിൽ 19 എണ്ണം നിയമാനുസൃതം നികുതി കൊടുക്കപ്പെട്ടവയാണ്.

## വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം

05.04.2023 ലെ സ.ഉ(അച്ചടി). നം. 25/2023/LSGD ഉത്തര വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമ വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ(സാധാ)77/2023 നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുത

നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഭരണസമിതിയുടെ 11.5.2023 ലെ 79/23 നമ്പർ തീരുമാ വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞ 4.8.2023 തിയ്യതിയിലെ 117/2023 നമ്പർ തീരുമാന പ്രകാര വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 ലെ എൽ.എസ്.ജി.ഡി/പി.ഡ റിവ്2 നമ്പർ കത്ത് പ്രകാരം നികുതി പരിഷ്ക്കരണവുമായി നോട്ടീസും അന്തിമ വിജ്ഞാപനങ്ങളും 2023 ജൂൺ പുറപ്പെടുവിക്കേണ്ടതാണെന്ന് സമയപരിധി നിശ്ചയിച്ചിട്ടു ആയത് പാലിക്കപ്പെട്ടിട്ടില്ല. നിരക്കുകൾ അന്തിമമാക്കി വ ചെയ്യുന്നതിലുണ്ടായിട്ടുള്ള കാലതാമസം തുടർ സമയബന്ധിതമായി കൈക്കൊള്ളുന്നതിനേയും ബാധിച്ചിട്ടു മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളു നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും, മേഖലകള തിരിക്കലും, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തില തിരിക്കലും സംബന്ധിച്ച് വിവരങ്ങൾ അന്തിമ വിജ്ഞാ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങ വർഷത്തെ ഡിമാന്റ് ഓരോ വർഷവും 5% വീതം നികുതി എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്ന 9 എ ഫോറത്തിൽ കെട്ടിട നൽകേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/ത.സ്വ. ഉത്തരവിലെ ഖണ്ഡിക (5) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാര നോട്ടീസുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന

## <u>പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് .</u>

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടി ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, കെട്ടിടങ്ങളും, ഗ്രൂപ്പ് ജി 1, ജി 2, ഐ എന്നിവയിൽ ഉൾപ്പെട്ട കെ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻ നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട്

ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസ
നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാ
ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ
നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേ
ഉപയോഗക്രമമാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധ
ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം
സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്ത
ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.
RB3/178/2020-ത.സ്വ.ഭ.വ തി. 20.6.2022 പ്രകാരമുള്ള ഫീൽഡ്
നടന്നു വരുന്നു.

## **<u>സേവന ഉപനികുതി</u>**

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജ
വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമ
ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ളപക്ഷം
നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവു
എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ
വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നി

## **<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1. നിലവിലുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർ
ആയതിന് അനുസൃതമായി വസ്തുനികുതി പരിഷ്കരിക്കേണ്ടത
2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തി
പരിഷ്ക്കരിക്കുന്നതിനാവശ്യമായ നടപടികൾ അടിയ
പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ,
റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമാ
സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
3. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച്
കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും,
ഇളവ് - വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി
നിർണ്ണയിക്കേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന
ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാ
പരിശോധിക്കാവുന്നതാണ്.

5. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേ പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നട എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്ന് ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസ നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയു പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടരേ നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പ വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങ ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമ അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

6. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങ ലൈസൻസ് എടുക്കുന്നുണ്ട് എന്നും തൊഴിൽനികുതി വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 അനധികൃത നിർമ്മാണം - തുടർനടപടികൾ അറിയിക്കുന്നത് - സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ വാർഡ് 11 ൽ നരിക്കുനി പൂനൂർ റേ അബ്ദുൾ ഗഫൂർ വേട്ടുവൻകണ്ടി, ആയിഷക്കുട്ടി വേട്ട എന്നിവരുടെ ഉടമസ്ഥതയിലുള്ള 11/1027 മുതൽ 11/1034 നമ്പർ കെ നടത്തി വന്ന അനധികൃത നിർമ്മാണം നിർത്തിവെയ്ക ക്രമപ്പെടുത്തുന്നതിനും 15.2.2022, 22.2.2022 എന്നീ തിയ്യതികളിലെ 672/2022 നമ്പർ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മേൽ പൊളിച്ചുമാറ്റുകയോ തുടർനിർമ്മാണ പ്രവൃത്തികൾ നട അനുമതിക്കായി അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിന പഞ്ചായത്ത് രാജ് ആക്ടിലെ 235W(1) വകുപ്പ് അനുസരിച്ച് എസ്.ന തിയ്യതി 17.3.2023 പ്രകാരം മേൽ അനധികൃത നിർമ്മാണം നീക്കാൻ നിർദ്ദേശിച്ച് താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിട്ടു

ആയതിന് 22.3.23 സമർപ്പിച്ച മറുപടിയിൽ കാലപ്പ ജീർണ്ണിച്ച കെട്ടിട ഭാഗങ്ങൾ പൊളിച്ചു മാറ്റി കെട്ടിടം ബലപ്പെടു ചെയ്തിട്ടുള്ളത് എന്നും പഞ്ചായത്ത് രേഖ പ്രകാരമുള്ള കെട്ടിട മരണപ്പെട്ടതിനാൽ ക്രമവത്കരണ അപേക്ഷ സമർപ്പിക്കുന്നത

കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള
സ്വീകരിക്കണമെന്നും പറയുന്നുണ്ട്. എന്നാൽ കെട്ടിട നിർമ്മാ
പാലിക്കാതെ പുനർനിർമ്മിച്ച മേൽ കെട്ടിടങ്ങളുടെ ഉടമസ
മാറ്റി നൽകുന്നതിന് സാധിക്കില്ല എന്നതിനാൽ 17.3.2023 ലെ താ
ഉത്തരവ് സ്ഥിരപ്പെടുത്തിക്കൊണ്ട് 1.7.23 ന് 400978/BAUV01/GP
നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തര
ശ്രീമതി. സീനത്ത് (W/O അബ്ദുൾ ഗഫൂർ) ട്രിബ്യൂണലിൽ
സമർപ്പിക്കുകയും പ്രസ്തുത അപ്പീലിൽ 16.8.23 ന് മേൽ ഉ
ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ
തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി പുനർനിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഫയൽ പരിശോ
മുൻവർഷത്തിൽ ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച് വ
നിർണ്ണയിക്കുകയും, ഓഡിറ്റ് വർഷത്തിൽ
പൂർത്തീകരിക്കുകയും ചെയ്ത കെട്ടിടത്തിന്റെ
ഉപയോഗക്രമത്തിന്റെ തരംമാറ്റി നികുതി പുനർ നി
വിശദാംശം ചുവടെ കൊടുക്കുന്നു.

I. <u>ഫയൽ നമ്പർ : A2.44/2022/3.1.23</u>

ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ ശ്രീ. ഇസ്മ
മാന്തോട്ടത്തിൽ എന്നവർ നിലവിലുള്ള 23 H, 23 I നമ്പർ കെട്ട
ചേർന്ന് താഴത്തെ നിലയിൽ 75.19 ച. മീ തറവിസ്തീർണ്ണത്തിലു
തറവിസ്തീർണ്ണത്തിലും ഒന്നാം നിലയിൽ 15.54 ച.മീ തറവിസ്തീർ
നടത്തിയ അധിക നിർമ്മാണം ക്രമവത്കരിക്കുന്നതിന് മേ
പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത
ക്രമവത്കരിക്കുകയും 10/23J, 10/23K എന്നീ നമ്പറുകൾ അനുവ
വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറവിസ്തീ
ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എ
ഗണത്തിൽ നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ 22/11/2018 ലെ 271704/2018 നമ്പർ പെർമിറ്റ് പ്രക
പൂർത്തീകരിച്ച് 23 H, 23 I നമ്പർ നൽകി വാണിജ്യാവശ്യത്തിനു
മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ,
ഗോഡൗൺ എന്നീ ഗണത്തിൽ നികുതി നിർണ്ണയിച്ച മേ

മുറികൾക്ക് വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ
തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ,
എന്നിവയുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണ

മേൽ കെട്ടിടം 100 ച. മീറ്ററിനു മുകളിൽ വരുന്ന
കെട്ടിടമായതിനാൽ ആദ്യം നിർമ്മാണം പൂർത്തീകരിച്ച ഭാഗത്ത
കൂടിയ നിരക്കിലുള്ള നികുതി ബാധകമാക്കേണ്ടതാണ്.

2. <u>ഫയൽ നമ്പർ : A2-734/22</u>

ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ ശ്രീ. അബ്ദുൾ നി
എന്നിവരുടെ ഉടമസ്ഥതയിൽ നിലവിലുള്ള 264 A, 264 B, 264 C,
കെട്ടിടങ്ങളോട് കൂട്ടിച്ചേർത്ത് 140.56 ച. മീ വിസ്തൃതിയിൽ
നടത്തുന്നതിനാണ് മേൽ ഫയൽ പ്രകാരം അപേക്ഷ സമർപ്പ
പ്രസ്തുത നിർമ്മാണം ക്രമവത്കരിക്കുകയും 264 E, 264 F, 264 G,
എന്നീ നമ്പർ അനുവദിക്കുകയും വാണിജ്യാവശ്യത്തിനുള്ളവ 1
മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ,
ഗോഡൗൺ എന്നിവയുടെ ഗണത്തിൽ നികുതി നിർണ്ണയ
ചെയ്തിട്ടുണ്ട്.

എന്നാൽ 22/11/2018 ലെ 271704/2018 നമ്പർ പെർമിറ്റ് പ്രക
പൂർത്തീകരിച്ച് 264 A, 264 B, 264 C, 264 D എന്നീ നമ്പ
വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ വരെ തറ വിസ്തീ
ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ
നികുതി നിർണ്ണയിച്ച മേൽ കെട്ടിട
വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ മുകളിൽ തറവിസ്തീ
ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എ
ഗണത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിച്ചിട്ടില്ല.

മേൽ കെട്ടിടം 100 ച. മീറ്ററിനു മുകളിൽ വരുന്ന
കെട്ടിടമായതിനാൽ ആദ്യം നിർമ്മാണം പൂർത്തീകരിച്ച ഭാഗത്ത
കൂടിയ നിരക്കിലുള്ള നികുതി ബാധകമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## <u>1-12 ഷോപ്പിംഗ് കോപ്ലക്സ് വാടക വരവ് പൂർണ്ണമല്ല</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് 
ആകെയുള്ള 45 മുറികളിൽ താഴെ പറയുന്ന മുറികളിൽ നി

വർഷം വാടക ഇനത്തിൽ വരവ് പൂർണ്ണമായും ലഭിച്ചിട്ടില്ല. വി
താഴെ കൊടുക്കുന്നു.

| ക്രമ നം. | റൂം നമ്പർ | വാടകക്കാരന്റെ പേര് | മാസവാടക (കറണ്ട് ചാർജ് ഉൾപ്പെടെ) | ഈടാക്കിയ വാടക |
|---|---|---|---|---|
| 1 | 11/578 | അജിതകുമാരി | 4775 | 4775 |
| 2 | 11/586 | വി. എം. ഹരീഷ് | 3639 | 32751 |
| 3 | 11/595 | സെക്രട്ടറി, എസ്.സി. കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1222 | 0 |
| 4 | 6/850 | സമീറലി പി. പി | 8402 | 0 |
| 5 | 6/851 | നവംബർ മുതൽ ഒഴിഞ്ഞ് കിടക്കുന്നു | | |
| 6 | 6/855 E | സെപ്റ്റംബർ മുതൽ ഒഴിഞ്ഞ് കിടക്കുന്നു | | |
| 7 | 6/851 B | നവംബർ മുതൽ ഒഴിഞ്ഞ് കിടക്കുന്നു | | |
| 8 | 11/1086 | ഫെബ്രുവരി മുതൽ ഒഴിഞ്ഞ് കിടക്കുന്നു | | |

മേൽ മുറികളുടെ ഈടാക്കാനുള്ള വാടക വ
ഉൾപ്പെടുത്തിയിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിലെ
അവശേഷിക്കുന്ന മുറികളുടെ വാടക ഈടാക്കാത്തതിനു
മുറികൾ വാടകയ്ക്ക് നൽകാത്തതിനും മറുപടി നൽകേണ്ടതാ

## 1-13 ക്രമവൽക്കരണ അപേക്ഷയിലെ നിർദ്ദേശങ്ങൾ - തുടർനടപടികൾ സംബന്ധിച്ച്

ഫയൽ എ2/1832/2022

ഗ്രാമപഞ്ചായത്തിലെ വാർഡ് 11 ൽ ശ്രീമതി. ശോ
എന്നവരുടെ ഉടമസ്ഥതയിൽ നിലവിലുള്ള വാണിജ്യകെ
കൂട്ടിചേർത്ത് നിർമ്മിച്ച കെട്ടിടം ക്രമവത്കരിക്കുന്നതിനാണ്
പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയത് പ്രകാരം നിലവി
C, 456 D, 456 E, 456 F, 456 G, 456 H, 456 J, 461 C, 461 D, 461 E, 461 F,
എന്നിങ്ങനെ 13 നമ്പർ ഉള്ള കെട്ടിടങ്ങളിൽ 11/456 J, 461 C, 461 D,
മുറികൾ പാർക്കിംഗിന് വേണ്ടി ഒഴിവാക്കിയും വാണിജ്യകെ
കൂട്ടിച്ചേർത്ത് നടത്തിയ നിർമ്മാണം ക്രമവത്കരിച്ച് 11/461 J, 461
M, 461 N എന്നീ നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ ബിൽഡിംഗ് നമ്പർ അനുവദിച്ച റൂമുകൾ ആ
പാർക്കിംഗ് ഏരിയ ആയി ഉൾപ്പെടുത്തിയത്. ഈ റൂമുകളുടെ
ഉൾപ്പെടെ റദ്ദ് ചെയ്യേണ്ടി വരുമെന്നും കൂടാതെ ഗ്രൗ
ബിൽഡിംഗിന് ഉള്ളിൽ കാണിച്ച പാർക്കിംഗ് വാഹന
ചെയ്യുന്നതിന് ഡ്രൈവ് വേ അടക്കം സൗകര്യപെടുത്തേണ്ട
പാർക്കിംഗ് ഏരിയ നിലനിർത്തുന്നതിന് ഉടമസ്ഥനും LBS
നിർദ്ദേശം നൽകേണ്ടതാണെന്നും ഫയലിൽ രേഖപ്പെടു
ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ 2022-23 വർഷം
എന്നീ മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്
അനുവദിച്ചതായി കാണുന്നു. നിലവിൽ ഈ നി
പാലിക്കപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധിച്ച് അറിയി
അല്ലാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ടെണ്ടർ ഫീ ഇനത്തിലെ വരവ് പഞ്ചായത്തിലേയ്ക്ക വയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉ
നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ
ആയതുമായി ബന്ധപ്പെട്ട ടെണ്ടർ ഫീ നിലവിൽ
എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാ
വയ്ക്കപ്പെടുന്നത്. (അക്കൗണ്ട് നം. 37123734745 എസ്. ബി. ഐ,
ഇപ്രകാരം വരവ് വയ്ക്കപ്പെടുന്ന തുകകൾ പഞ്ചായത്ത്
കൈമാറേണ്ടതും ആയത് ഗ്രാമപഞ്ചായത്തിന്റെ വാർഷിക
പ്രതിഫലിക്കേണ്ടതുമാണ്. 2022-23 സാമ്പത്തിക വർഷം ഇ-ടെ
പൊതുമരാമത്ത് പ്രവൃത്തികളുടെ, ടെണ്ടർ ഫീ ഇനത്തിൽ ല
(82,100 രൂപ) പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയത്
വിവരങ്ങൾ ലഭ്യമാക്കാത്തതിന് വിശദീകരണം നൽകാൻ അ
നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഇനത്തിലെ വരവ് തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ
ആയതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## <u>1-15 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമ</u>

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോ
നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെ
രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 177/23 | ഡി. പി. സി കെട്ടിട നിർമ്മാണം - പഞ്ചായത്ത് വിഹിതം നൽകൽ | 2,00,000 – തനത് ഫണ്ട് | ജില്ലാ കളക്ടർ, കോഴിക്കോട് 2,00,000 - ബിൽ നമ്പർ - 80/22-23, തീയതി 20.9.2022 |

| | | | | |
|---|---|---|---|---|
| 2 | 178/23 | എ. ബി. സി പ്രോഗ്രാം - പഞ്ചായത്ത് വിഹിതം നൽകൽ | 1,00,000 – തനത് ഫണ്ട് | ജില്ലാ പഞ്ചായത്ത്, കോഴിക്കോട് 1,00,000 - ബിൽ നമ്പർ - 356/22-23, തീയതി 29.3.2023 |
| | | ആകെ | 3,00,000 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, വിനിയോ എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകി എൻകചയറിക്ക് (ഓഡിറ്റ് എൻകചയറി നമ്പർ 3/2022-23 തീയ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോ ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിവരം ലഭ്യമാക്കുന്നത് വരെ മേൽ പ്രകാരമുള്ള 3,00,000 രൂപയു തടസ്സപ്പെടുത്തുന്നു.

## 1-16 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ - 1,70,168 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷി

| | |
|---|---|
| പ്രോജക്ട് നം./ പേര് | 29/23<br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും വിതരണത്തിനുള്ള സാമഗ്രികളും വാങ്ങൽ |
| അടങ്കൽ | 3,00,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |

| | |
|---|---|
| ചെലവ് | 3,00,000/- (ബിൽ നം. 924/22-23 തീയതി 14.1.2023 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രോജക്ട് പ്രകാരം നരിക്കുനി ( ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുകളും വിതരണ സാമഗ്രികളും വാങ്ങുന്നതിനായി 3,00,000/- രൂപ മുകളിൽ ചേ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെയാ( തീയതി വരെ - 16.10.2023 വരെ) 1,29,832 രൂപയുടെ മരുന്നുകൾ ലഭിച്ചത്. ബാക്കി തുകക്കുള്ള മരുന്നുകൾ (1,70,168 ഹോംകോയിൽ നിന്നും ലഭ്യമാക്കുന്നതിനായി തുടർ( സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതു ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (ഓഡിറ്റ് എൻക- 2/2022-23 തീയതി 16.10.2023) 19.10.2023 ന് ഹോമിയോ മെഡിക്കൽ ലഭ്യമാക്കിയ മറുപടിയിൽ ലഭിക്കാനവശേഷിക്കുന്ന 1,70,168 മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വ( അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നത് വരെ മേൽ (( 1,70,168 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

പ്രോജക്ട്നം : 169/22-23

അടങ്കൽ : 1,50,000/- തനത് ഫണ്ട്

ചെലവ് : 1,49,946/-

ചെക്ക് നം : 622858/21/2/23

മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം കിഡ്നി ഡയാലിസിസ് രേ ആവശ്യ മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ നിർവഹണ ഉദ്യോഗസ്ഥനായി മരുന്ന് വാങ്ങു കെ.എം.എസ്.സി.എൽ ലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. ഇതിര രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതിവരെ ലഭ്യമായ രൂപയുടെ മരുന്ന് കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത്

അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് 
സ്റ്റോക്കില്ലാത്തതു കാരണമാണ് മരുന്ന് ലഭ്യമല്ലാത്തത് എന്ന് 
ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമായ വിവരം അറിയിക്ക
16,277.60 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-18 വീട് വാസയോഗ്യമാക്കൽ (എസ്.സി) - ഫണ്ട് ഉണ്ടായിരുന്നിട്ടും അർഹതപ്പെട്ട തുക വകയിരുത്താത തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയതും -സംബന്ധ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/ പേര് | 18/2023, വീട് വാസയോഗ്യമാക്കൽ (എസ്.സി) |
| അടങ്കൽ | 15,00,000/- (എസ്.സി.പി) |
| ചെലവ് തുക | 6,00,000/- രൂപ (50,000x12) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക
പദ്ധതിക്കായി 15 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും,
നിർവ്വഹണത്തിനായി, ഒരു ഗുണഭോക്താവിന് 1,00,000/- രൂപ നി
ലക്ഷം രൂപ വകയിരുത്തുകയും, 12 ഗുണഭോക്താക്കൾക്ക് 5
നിരക്കിൽ മുൻകൂർ നൽകിയ വകയിൽ 6 ലക്ഷം രൂപ ചെലവ
ചെയ്തിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം. 115/2022/തസ്വഭവ. തി
പ്രകാരം വീട് വാസയോഗ്യമാക്കൽ പ്രവൃത്തിക്കായി 
വിഭാഗത്തിന് പരമാവധി നൽകാവുന്ന ധനസഹായതുക
രൂപയാണെങ്കിലും മേൽ പ്രവൃത്തിക്കായി വകയിരുത്തിയത് 1,
വീതം മാത്രമാണ്. 2022-23 വർഷത്തിൽ എസ്.സി.പി ഫണ്ടിനത്ത
നിർവ്വഹണത്തിനായി ആവശ്യമായ ഫണ്ട് ഇല്ലാത്തതാണ് 
കാരണമായി നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുള്ളത്.

എന്നാൽ 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് വികസന
സി. പി) ഇനത്തിൽ ജി.ഒ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ ലഭിച്ച
രൂപയും, ജി.ഒ പ്രോജക്ടുകൾ ഉൾപ്പെടെ തൻവർഷത്തെ ആകെ
74,078/-രൂപയുമാണ്. തൻവർഷം എസ്.സി.പി ഇനത്തിൽ ലഭിച്ച

6,37,922/-രൂപ (7612,000-6974078= 637922) ചെലവഴിച്ചിട്ടില്ലാ
നഷ്ടപ്പെടുകയാണുണ്ടായത്. പദ്ധതി തയ്യാറാക്കുമ്പോൾ സർക്കാ
പ്രകാരം അർഹമായ/പരമാവധി തുകയായ 1,50,000/- തു
വകയിരുത്തിയിരുന്നെങ്കിൽ, 15 ഗുണഭോക്ത
ധനസഹായത്തുകയുടെ 50% നൽകുന്നതിന് ചെല
നഷ്ടപ്പെട്ടുപോയ തുക ഉപയോഗിക്കാമായിരുന്നു. ആയതിന
ആവശ്യമായ ഫണ്ടില്ലാത്തതിനാലാണ് മാർഗ്ഗരേഖ പ്രകാരം
പരമാവധി തുക നൽകാതിരുന്നതെന്ന മറുപടി അംഗീകരിക്കു

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കു
14) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് സർക്കാർ
പരാമർശിച്ചതും, അർഹതപ്പെട്ടതുമായ, തുക വകയിരുത്താ
ആസൂത്രണം ചെയ്യതിനും, തൻവർഷം എസ്.സി.പി ഇനത്തിൽ
എസ്.സി വിഭാഗത്തിനായി ചെലവഴിക്കേണ്ടിയിരുന്നതുമ
(6,37,922/-രൂപ) ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയതിനും വി
നൽകേണ്ടതാണ്.

## 1-19 ആർ ട്രാക്ക് പദ്ധതി - തുടർ വിശദാംശങ്ങൾ ലഭ്യമ

പ്രോജക്ട്നം : 193/22-23 , ആർ ട്രാക്ക് പദ്ധതി

അടങ്കൽ : 63,000/-

ചെലവ് : 18,000/-

ചെക്ക് നം : 35533/1.2.23 /- തനത് ഫണ്ട്

മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം ആസ്തികൾ സംബന്ധിച്ച്
ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് ട്രാക്കിംഗ് ഇന്റർനെറ്റ്,
ആൻഡ്രോയിഡ് സൗകര്യമുള്ള മൊബൈൽ ഫോണും
സൗകര്യവും ഉപയോഗിച്ച് ചെയ്യുകയാണ് പ്രോജക്ടിന്റെ ലക്ഷ
ഒന്നിന് 3,000 രൂപ നിരക്കിൽ പദ്ധതിയ്ക്കായി വകയ
എഗ്രിമെന്റ് നം. AE/NRKI/44/22-23 തി. 30.12.23 പ്രകാരം ശ്രീമതി
സഫ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനായി കരാറിൽ ഏർ
ഫയൽ പരിശോധിച്ചതിൽ പദ്ധതി പൂർത്തീകരിച്ചതിന്റെ വിശ
ഇല്ല. റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി
എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുമ്പാകെ ഹാജരാം
എന്ന് കരാർ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. പദ്ധതിയു
പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കാത്തതിന് വി

നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കിയതിന്റെ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 ഒരേ പ്രവർത്തിയ്ക്ക് വ്യത്യസ്ത പ്രോജക്ടുകൾ തയ്യാ

നരിക്കുനി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ന ചെയ്ത പ്രോജക്ടുകൾ പരിശോധിച്ചതിൽ ഒരേ പ്രവൃത്തിയ്ക്ക പ്രോജക്ടുകൾ രൂപീകരിച്ചതായി കാണുന്നു. വിശദവിവര ചേർക്കുന്നു.

| | പ്രവൃത്തി | പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറു കാരൻ | എഗ്രിമെന്റ് നമ്പർ |
|---|---|---|---|---|---|
| 1 | പാലോളിത്താഴം അങ്കണവാടി നവീകരണം | 175/22 | 268178/- | അബ്ദുൾ റാഷിദ് | 34/22-23/ 6-12-2022 |
| 2 | പാലോളിത്താഴം അങ്കണവാടി പൂർത്തീകരണം | 207/22 | 305674/- | ഉണ്ണികൃഷ്ണൻ | 64/22-23/ 17.3.23 |

എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത പ്രവൃത്തികളിൽ ഒന്നാ സൈഡ് പ്രൊട്ടക്ഷൻ, കോമ്പൗണ്ട് വാൾ എന്നിവയും, പ്രവൃത്തിയിൽ Yard ഇന്റർ ലോക്കിംഗ്, ഷീറ്റ് ഇടൽ എന്ന നടപ്പിലാക്കിയത്. ഇതിൽ ആദ്യത്തെ പ്രവൃത്തി ഇ-ടെണ്ടറും പ്രവൃത്തി മാനവൽ ടെണ്ടറും ആയാണ് പ്രവൃത്തി നടപ്പിലാക്കിയ

മേൽ സൂചിപ്പിച്ച പദ്ധതികൾ രണ്ട് പദ്ധതികളായി തയ്യാറാക്ക ഡാറ്റാ എൻട്രി മുതൽ ബിൽ നൽകൽ വരെയുള്ള പ്രവർത്ത ഇരട്ടിപ്പ് വന്നതിനു പുറമെ ചെറിയ അടങ്കലിലുള്ള പ്രവൃത്തി സാധന സാമഗ്രികളും, മെഷീനറികളുമുൾപ്പെടെ എത്തിക്കുന്നത് കരാറുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഘടകമാ ടെണ്ടർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം സാധ്യതയുണ്ട്. പ്രവൃത്തി സമഗ്രമായി വലിയ തയ്യാറാക്കിയിരുന്നെങ്കിൽ ഇത്തരം സാധ്യതകൾ ഒഴിവാക്കാ

സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതികൾ
തയ്യാറാക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട്
എൻകചയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വ
പദ്ധതികൾ സമഗ്രമായി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-21 സാക്ഷരത പ്രേരക് മാർക്ക് ഹോണറേറിയം നൽക**
**തിരികെ ലഭിച്ചിട്ടില്ല.**

2021-22 വർഷത്തിൽ സാക്ഷരത പ്രേരക് മാർക്ക് ഹോ
ഇനത്തിൽ നൽകിയ 55,653/- രൂപ സാക്ഷരതാ മിഷനിൽ നിന്നു
ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഹോണറേ
ലഭിക്കുവാൻ വൈകുന്ന സമയങ്ങളിൽ തനത്ഫണ്ടിൽ നി
നൽകേണ്ടതും, വിവരം ജില്ലാ സാക്ഷരതാ മിഷൻ അറിയി
വാങ്ങേണ്ടതുമാണ്. എന്നാൽ 2021-22 ൽ നൽകിയ തുക ഓഡ
വരെയും തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ഈടാക്കാ
കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ
മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഈടാക്കാ
നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓ
## നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓ
റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓ
## നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓ
റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകന

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യ നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ തിയ്യതി |
|---|---|---|
| 2022-23 | ഓഡിറ്റ് ചെയ്ത തീയതികളിൽ | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 406800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 406800 |
| | | 250000 | അനുപൂരക പോഷകാഹാരം | 250000 |
| | | 50000 | കാലിത്തീറ്റ സബ്സിഡി | 50000 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 |
| | | 290382 | ലൈഫ് ഭവന പദ്ധതി (എസ്.ടി) | 290382 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 300000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 300000 |
| | | 160000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 160000 |
| | | 718917 | ലൈഫ് ഭവന പദ്ധതി (എസ്.ടി) | 718917 |
| | | 1755591 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 175559 |
| | | 50000 | കാലിത്തീറ്റ സബ്സിഡി | 50000 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈ
അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർ
തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വി
താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ | |
|---|---|---|---|---|---|---|

| | | | ണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ലൈഫ് ഭവന പദ്ധതി | - | - | 1032000 | 1383236 | 0 | 0 | 3 |

കുറിപ്പ്:- 2022-23 സാമ്പത്തിക വർഷത്തിൽ തിരിച്ചടയ്ക്കാന 1032000/- രൂപയായിരുന്നു. എന്നാൽ തിരിച്ചടയ്ക്കാനുള്ള തു 351236/- രൂപ അധികമായി അടച്ചിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപം

**ഇല്ല**

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീ നം/ തിയ |
|---|---|---|---|---|
| 2015-16 | 3-14 | 1357 | മോഹൻദാസ് വി. കെ, ഹെഡ്മാസ്റ്റർ | 12201 /3.8.20 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലേ ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ട് ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം<br>പൊതു പരാമർശം | ഇ<br>തെ<br>അ |
|---|---|---|---|---|---|
| 1999-00 | 35 | 2003-04 | 11.13.5.12 | മൈത്രി ഭവന പദ്ധതി | തു |
| 2000-01 | 8 | 2003-04 | 11.13.1.22 | ബാഗ്,കുട നിർമ്മാണയൂണിറ്റ് പദ്ധതികൾ നടപ്പാക്കിയതിന് രേഖകളില്ല | -ടി- |
| 2000-01 | | 2003-04 | 11.14 | പൊതുപരാമർശം മാമ്പറ്റക്കുന്ന് ജലസേചന പദ്ധതി സാങ്കേതികാനുമതിയില്ലാതെ പ്രവൃത്തി തുടങ്ങി | -ടി- |
| 2001-02 | | 2003-04 | 11.14 | മുച്ചിലാടിപൊയിൽ ജലസേചനം-അധികം നൽകിയ തുക | -ടി- |

| | | | | | |
|---|---|---|---|---|---|
| 2001-02 | | 2011-12 | 3.3.6 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം | -ടി- |
| | | 2011-12 | 3.3.7 | കുണ്ടുങ്ങര അങ്കണവാടി | -ടി- |
| 2014-15 | 2-3 | 2016-17 | അനുബന്ധം4 | തൊഴിൽനികുതി അപാകങ്ങൾ | -ടി- |
| 2015-16 | 2-3,2-4 | 2016-17 | അനുബന്ധം5 | തൊഴിൽനികുതി അപാകങ്ങൾ | -ടി- |
| 2019-20 | 1-16 | 2020-21 | | മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ | -ടി- |

## 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39897408 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35888507 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 504446 |

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന് വിവരം

**ഇല്ല**

## (സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 300000 | ശ്രീ. സ്വപ്നേഷ് സി. പി, സെക്രട്ടറി |
| 1-16 | 170168 | ഡോ. അരുൺ കൃഷ്ണൻ ടി. പി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-17 | 16278 | ഡോ. റൂബി, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-19 | 18000 | ശ്രീ. ഷാഹുൽ ഹമീദ് എ. എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **504446** | |

## (ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

## (ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവ

ഇല്ല.

(എഫ്)<u>**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തട ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവ**</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സ്വപ്നേഷ് സി.പി, സെക്രട്ടറി | സെക്രട്ടറി, നരിക്കുനി ഗ്രാമപഞ്ചായത്ത് | സജ്ജന (വീട്) വെസ്റ്റ് ഹിൽ (പി.ഒ) കോഴിക്കോട് |
| ഡോ. അരുൺ കൃഷ്ണൻ ടി. പി, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, നരിക്കുനി | തയ്യിൽപടന്നയിൽ (വീട്) തലക്കുളത്തൂർ (പി. ഒ) 673317 (പിൻ) |
| ഡോ. റൂബി, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നരിക്കുനി | ബി ഹൈവ് വില്ലാ നമ്പർ-1 അർബൻ വില്ലേജ്, വിരുപ്പിൽ, ചെലവൂർ |

| | | |
|---|---|---|
| ശ്രീ. ഷാഹുൽ ഹമീദ് എ. എ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, നരിക്കുനി | സാജിത് മൻസിൽ, കോണോട്ട് (പി. ഒ) 673531 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പ |
|---|---|---|---|
| 1998-99 | എൽ.എഫ്. കെ.കെ.ഡി. പി.12/ 933/2013(1) തീയതി | | |
| 1999-00 | കെ.എസ്.എ. കെ.കെ.ഡി. പി.17/ 666/17തീയതി 27.12.2017 | 1 | 35 |
| 2001-02 (പദ്ധതി) | കെ.എസ്.എ.കെ.കെ.ഡി.പി.666/17 തീയതി 27.12.2017 | 1 | 3-5 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി.17/666/17 തീയതി 27.12.2017 | 2 | 2-1, |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി.17/666/17 തീയതി 27.12.2017 | 1 | 3-4 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി3/254/ 2022(1) തീയതി 08.02.2023 | 2 | 3-12 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി.3/369/ 2022(1) തീയതി 08.02.2023 | 2 | 2-6, |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി.3/254/ 2022(2) തീയതി 08.02.2023 | 2 | 3-1.3 |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി.3/254/ 2022(3) തീയതി 08.02.2023 | 2 | 2-4, |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി3/254/ 2022(6) തീയതി 08.02.2023 | 2 | 2-3, |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.3/881/ 22(1) തീയതി 08.02.2023 | 9 | 2-3(2 2-5, 2-6, 3-2, 12, 3 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.3/ 881/2022(2) തീയതി 08.02.2023 | 3 | 2-6, 11 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.3/ 210/2020 തീയതി 23.06.2020 | 8 | 1-7(3 9(1,2 1-11 1-14 1-21 19(5 1-23 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.3/ 378/2022 തീയതി 10.05.2023 | 12 | 1-2, മുത 1-11 വെ 15, 1 17, 1 22, 1-22 2-1, |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.3/ 1504/2022 തീയതി 25.07.2023 | 20 | 1-1,1 1-2-2 3, 1- 2-5, 11, 1 14, 1 17, 1 19, 1 |

| | | | |
|---|---|---|---|
| | | | 22, 1<br>1, 4- |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1504/2022 തീയതി 25/07/2023 | 33 | 1-1<br>മുത<br>32 (<br>2-1, |

**ഡെപ്യൂട്ടി**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കേ**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 95/2023 dated 95/2023 dated 26-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Narikkuni Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Narikkuni Grama Panchayat for the year 2022-2023

**Date: 25/11/2023**

**Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Narikkuni Grama Panchayat for the Year 2022-2023.

## 1.Major Observations

**a) Non-inclusion of bank account.**
omission in inclusion of bank accounts

## 2.Other Observations

a) The following mandatory financial statements prescribed in accounts rules are not submitted for audit eg â Ratios, Notes to account etc.
b) Cash flow statements â Net increase /decrease in cash flow do not match with the difference between the opening and closing balances of cash.

c) The figures as per the following registers do not match with their figures as per the accounts.

eg - Asset Register
d) Lapes in making timely and and accurate demand enteries in respect of items of tax and non tax revenue.
e) ) The following demand registers are not periodically reconciled with accounts Ex:- Property tax, License.
f) The amount remaining outstanding in respect of Tender Form Fee (E Tender Fee) applicable to projects executed by the Asstistant Engineer is seen not included in the balance sheet as receivable in the AFS.
g) The amount of loan pending repayment is seen to be negative.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നരിക്കുനി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്